# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5117 06.02.2014-ൽ മറുപടിയ്ക്ക്

## കൊലപാതക കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; അവയിൽ പോലീസ് അന്വേഷണം പൂർത്തിയാക്കിയവ എത്ര; കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര; വിധി പറഞ്ഞിട്ടുള്ളവ എത്ര; പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിയവ എത്ര; | (എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാനത്ത് 984 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അവയിൽ പോലീസ് അന്വേഷണം പൂർത്തിയാക്കിയവ 607, കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ 602, വിധി പറഞ്ഞിട്ടുള്ളവ 34, പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിയവ-13. |
| (ബി) മൊത്തം കേസുകളിൽ എത്ര എണ്ണത്തിന്റെ അന്വേഷണം സി.ബി.ഐ യ്ക്ക് കൈമാറാനായി തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധമായ മാനദണ്ഡവും നിയമവ്യവസ്ഥകളും വിശദമാക്കാമോ; | (ബി) ടി കേസുകളിൽ രണ്ട് എണ്ണത്തിന്റെ അന്വേഷണം സി.ബി.ഐ യ്ക്ക് വിട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് അന്വേഷിച്ച് കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ പുതിയതായി ലഭിക്കുന്ന തെളിവുകൾ കണക്കിലെടുത്തും അതാതു കേസുകളുടെ സ്വഭാവം പരിഗണിച്ചും ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്താൻ, അത്തരം കേസുകൾ സി.ബി.ഐ ക്ക് വിടാറുണ്ട്. |
| (സി) ഈ സർക്കാർ കൈമാറിയ എത്ര കേസുകളിൽ അന്വേഷണം നടത്താൻ സി.ബി.ഐ തയ്യാറായിട്ടില്ല; | (സി) ഒന്ന്. |
| (ഡി) സി.ബി.ഐ യ്ക്ക് വിടാനുള്ള സർക്കാർ തീരുമാനത്തിൽ കോടതിയിൽ നിന്നും വിമർശനം ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള കാര്യം അറിയാമോ; രാഷ്ട്രീയപ്രേരിതമായി തീരുമാനം എടുക്കുന്നതിലെ അനൗചിത്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ? | (ഡി) കോടതി വിമർശനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രീയപ്രേരിതമായി കേസ് സി.ബി.ഐ യ്ക്ക് വിടാറില്ല. |

സെക്ഷൻ ഓഫീസർ